ഉത്തരം

(എ) ഇല്ല.

(ബി) പ്രാഥമിക നടപടികളും പൂർത്തിയായിട്ടില്ലാത്തതിനാൽ, പണി ഉടനടി തുടങ്ങുന്നതിന് ബുദ്ധിമുട്ടുണ്ട്.

പിരായുംമൂട് ചപ്പാത്തിന്റെ പ്രവർത്തനം

382 [714] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറിൻകര മുനിസിപ്പാലിറ്റിയും ചെങ്കൽ പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന പിരായുംമൂട് ചപ്പാത്തിന്റെ പ്രവർത്തനം ഏതുവരെ ആയി എന്ന് വ്യക്തമാക്കാമോ;

(ബി) അത് എത്ര കാലത്തിനകം തുടങ്ങുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചപ്പാത്തിനു പകരം ഒരു പാലം പണിയുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് 19,980 രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രാഥമിക നടപടികളും പൂർത്തിയായിട്ടില്ലാത്തതിനാൽ പാലം പണി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് പറയാൻ ബുദ്ധിമുട്ടുണ്ട്.

തിരുവനന്തപുരം നേതാജി നഗർ ക്വാർട്ടേഴ്സ്

383 [715] ശ്രീ. കെ.ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നേതാജി നഗർ ക്വാർട്ടേഴ്സ് സി4, സി 15 എന്നിവ ഈയിടെ അലോട്ട് ചെയ്ത് കൊടുത്തതാർക്കെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്വാർട്ടേഴ്സ് ലഭിച്ചവർ നിയമാനുസരണം തിരുവനന്തപുരം കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നോ;

(സി) ഉണ്ടെങ്കിൽ ഏത് വർഷം അപേക്ഷിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) നിയമാനുസരണം അപേക്ഷ കളക്ടർക്ക് നൽകിയിട്ടില്ലെങ്കിൽ പ്രസ്തുത ക്വാർട്ടേഴ്സ് അലോട്ട് ചെയ്ത് കൊടുത്തത് ഏത് മാനദണ്ഡത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ക്വാർട്ടേഴ്സ് സി-4 ശ്രീ. കെ. ഹംസ, അഡീഷണൽ രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും, സി15 ശ്രീ. പി.എ. ഖാലിദ്, ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസിനും അലോട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly